**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 84** **02-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി വനിതകളുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളി വനിതകളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളി വനിതകളുടെ ശാക്തീകരണത്തിനായി മത്സ്യഫെഡ്, സാഫ് എന്നിവ മുഖേന നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**I. മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**<br><br><u>1. മൈക്രോ ഫിനാൻസ് വായ്പ പദ്ധതി</u><br><br>പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയംസഹായ സംഘങ്ങൾക്ക് നാഷണൽ മൈനോറിറ്റീസ് ഡെവലപ്മെന്റ് ആൻഡ് ഫിനാൻസ് കോർപ്പറേഷൻ (NMDFC), നാഷണൽ ബാക്ക്‌വേർഡ് ക്ലാസസ് ഫിനാൻസ് ആൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (NBCFDC) എന്നിവയുടെ ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്ത് വരുന്നു. ടി പദ്ധതി വഴി, നാളിതു വരെ, 24502 സ്വയം സഹായ ഗ്രൂപ്പുകൾക്ക് 902.17 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br><u>2. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പ പദ്ധതി</u><br><br>ഈ പദ്ധതി വഴി മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്ത് വരുന്നു. ആദ്യ വായ്പ പതിനായിരം രൂപ ഒരു വർഷ കാലാവധിയിൽ കൃത്യമായി തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർ വായ്പയായി ഇരുപതിനായിരം രൂപ വിതരണം ചെയ്തു വരുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ |

മത്സ്യഫെഡിന് അനുവദിച്ച് നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ടി പദ്ധതി വഴി, നാളിതുവരെ, 71267 ഗുണഭോക്താക്കൾക്ക് 341.944 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

**II. സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്ര വികസനവും ശാക്തീകരണവും ഉറപ്പുവരുത്തുന്നതിന് വേണ്ടി 2005 മുതൽ ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന ഏജൻസിയാണ് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്). മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഒരു ഗുണഭോക്താവിന് ഒരു ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നു. സാഫ് ധനസഹായത്തോടെ ആരംഭിക്കുന്ന സംരംഭങ്ങൾ നല്ല നിലയിൽ നടത്തുന്നതിന് ആവശ്യമായ സാങ്കേതിക സഹായങ്ങളും, വിപണന സംവിധാനങ്ങളും കൂടെ നിന്നുള്ള പിന്തുണയും തുടർച്ചയായി നൽകുന്നു. പാർശ്വവൽക്കരിക്കപ്പെട്ട ജന വിഭാഗങ്ങൾക്കായി സൂക്ഷ്മസംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് ജീവനോപാധി കണ്ടെത്തുന്ന പദ്ധതികളിലൂടെ മത്സ്യത്തൊഴിലാളി വനിതകളുടെ ശക്തീകരണത്തിനായി പദ്ധതികൾ നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്. സാഫ് മുഖേന വനിതാ മത്സ്യത്തൊഴിലാളികളുടെ ശാക്തീകരണത്തിന് വേണ്ടി നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1. ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ധനസഹായം :**

2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുന്ന ഗ്രൂപ്പുകൾ വഴി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമായാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

**2. വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് ധനസഹായം**

ചെറുകിട തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഗ്രൂപ്പുകൾക്ക് പ്രവർത്തന മൂലധനമായി 25000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയും സാഫിൻറെ കീഴിൽ പ്രവർത്തിക്കുന്ന സൂപ്പർമാർക്കറ്റുകൾ, കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകൾ, സീ ഫുഡ് റസ്റ്റോറന്റുകൾ എന്നിവയ്ക്ക് 1.50 ലക്ഷം രൂപ വരെയും പരമാവധി വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് പലിശയില്ലാതെ അനുവദിക്കുന്നു. യൂണിറ്റുകൾ റിവോൾവിംഗ് ഫണ്ട് കൃത്യമായി തിരിച്ചടച്ചതിലൂടെ ടി തുക 19.67 കോടി രൂപ തുടർ ഘട്ടങ്ങളിലായി cumulate ആയി റിവോൾവ് ചെയ്ത് വരുന്നു.

**3. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെ എൽ ജി) കൾക്ക് പലിശ രഹിത വായ്പ**

മത്സ്യ അനുബന്ധ തൊഴിൽ ചെയ്യുന്ന 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ആരംഭിക്കുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) കൾക്ക് പ്രവർത്തന മൂലധനമായി പലിശ രഹിത വായ്പ അനുവദിക്കുന്നു. ആദ്യഘട്ടത്തിൽ ഒരംഗത്തിന് 10000/-രൂപ വീതം (ഒരു ഗ്രൂപ്പിന് 50000/- രൂപ) വരെ പരമാവധി പലിശരഹിത വായ്പയായി അനുവദിക്കുന്നത്. തിരിച്ചടവ് പൂർത്തീകരിക്കുന്ന യൂണിറ്റുകൾക്ക് തുടർ ഘട്ടങ്ങളിൽ ഒരംഗത്തിന് 20,000/- രൂപ (ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ) വരെ പരമാവധി റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നു. നിലവിൽ 1110 യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ടായി 5.55 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ യൂണിറ്റുകൾ റിവോൾവിംഗ് ഫണ്ട് കൃത്യമായി തിരിച്ചടച്ചതിലൂടെ ടി തുക 30 കോടി രൂപ, തുടർഘട്ടങ്ങളിലായി cumulate ആയി റിവോൾവ് ചെയ്ത് വരുന്നു.

**4. ടെക്നോളജി ഇംപ്രൂവ്മെന്റ്**

മത്സ്യത്തൊഴിലാളി കുടുംബത്തിലെ ഒരു അംഗത്തിന് ഒരു തൊഴിൽ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ "ഒരു കുടുംബം ഒരു ജോലി" പദ്ധതി നടപ്പിലാക്കുന്നു. നിലവിൽ 200 മത്സ്യത്തൊഴിലാളി വനിതകൾക്കാണ് ഈ സംരംഭം ആരംഭിക്കുന്നതിന് അവസരം ഒരുക്കുന്നത്. ഈ പദ്ധതിയിലൂടെ സംരംഭം ആരംഭിക്കുന്നതിന് ഒരു മത്സ്യത്തൊഴിലാളി വനിതയ്ക്ക് ഒരു ലക്ഷം രൂപ വരെ സർക്കാർ ഗ്രാന്റ് അനുവദിക്കുന്നു. സംരംഭം ആരംഭിക്കുന്നതിനുള്ള ബാക്കി തുക ഗുണഭോക്തൃവിഹിതമായോ ബാങ്ക് ലോണായോ കണ്ടെത്തേണ്ടതാണ്.

**5. കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ**

മത്സ്യത്തൊഴിലാളി വനിതകൾ നടത്തുന്ന തൊഴിൽ സംരംഭങ്ങളുടെ സാങ്കേതികവിദ്യാ നവീകരണത്തിനും നൂതന ഉപകരണങ്ങൾ വാങ്ങുന്നതിനും ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനും ആയി 50000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു.

**6. സീ ഫുഡ് റസ്റ്റോറന്റ് പദ്ധതി**

സാഫിന്റെ കീഴിൽ ആരംഭിച്ചിരിക്കുന്ന യൂണിറ്റുകൾക്ക് വിവിധതരത്തിലുള്ള സാങ്കേതിക പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. യൂണിറ്റുകൾ ആരംഭിക്കുന്നതിന് അച്ചീവ്മെന്റ് മോട്ടിവേഷൻ ട്രെയിനിംഗ്, മാനേജ്മെന്റ് ട്രെയിനിംഗ്, ബുക്ക് കീപ്പിംഗ് & അക്കൗണ്ടിംഗ് ട്രെയിനിംഗ് തുടങ്ങിയവയും, സംരംഭം നല്ല രീതിയിൽ മുന്നോട്ട് കൊണ്ടു പോകുന്നതിനാവശ്യമായ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് വിവിധതരത്തിലുള്ള സ്കിൽ ട്രെയിനിംഗുകളും നൽകിയിട്ടുണ്ട്. ഇതിൽ Digital media, marketing & advertising media ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ മത്സ്യത്തൊഴിലാളി കുടുംബത്തിലെ കുട്ടികൾക്ക് മാത്രമായി ആവശ്യമായ തൊഴിൽ നൈപുണ്യ പരിശീലനങ്ങളും നൽകുന്നു.

**7. ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്ക്**

സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)യുടെയും കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡിന്റെയും CSR ഫണ്ട് ഉപയോഗിച്ച് 40 ഫിഷ് വെൻഡിംഗ് കിയോസ്കുകൾ അനുവദിച്ചു.

**8. സീ ഫുഡ് റസ്റ്റോറന്റുകൾ**

അഞ്ച് പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 75 ശതമാനം ഗ്രാന്റോടെ 45 സീ ഫുഡ് റസ്സ്റ്റോറന്റുകൾ ആരംഭിച്ചു. ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റാണ്. പദ്ധതി തുകയുടെ ബാക്കി 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമായി കണ്ടെത്തിയാണ് സംരംഭങ്ങൾ ആരംഭിച്ചത്.

**9. തീരമാവേലി**

സപ്ലൈകോ വഴി സാഫിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്ന 10 സൂപ്പർമാർക്കറ്റുകൾ, 5 കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോർ എന്നിവ വഴി തീരദേശജനതയ്ക്ക്

| | | | |
|---|---|---|---|
| | | | മാവേലി ഇനത്തിൽപ്പെട്ട സബ്സിഡി സാധനങ്ങളും, മറ്റ് നിത്യോപയോഗ സാധനങ്ങളും ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.<br><br>**10. ഗ്രാജ്വേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പ് ടു ബിസിനസ്സ് ഗ്രൂപ്പ്**<br><br>യൂണിറ്റുകളുടെ ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനായി എടുക്കുന്ന ബാങ്ക് ലോണിന് അഞ്ച് ശതമാനം വരെ പലിശ സബ്സിഡി സാഫ് വഴി അനുവദിക്കുന്നു.<br><br>**11. കമ്യൂണിറ്റി വെൽനസ് ഇന്റർവെൻഷൻ**<br><br>തീരദേശ ജനതയുടെ ഉപജീവന മാർഗ്ഗത്തിന്റെയും മാനസിക ആരോഗ്യത്തിന്റെയും അടിസ്ഥാനത്തിൽ Community Wellness — Clinic നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പ്രാരംഭഘട്ടത്തിൽ നടപ്പിലാക്കിയത്. തുടർന്നും മറ്റ് ജില്ലകളിലും ടി പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൗൺസിലിംഗ് സെഷനുകളിലൂടെയും പ്രതേക ക്ലിനിക്കുകൾ വഴിയും ആവശ്യമായ മരുന്നും തുടർ ചികിത്സകളും നൽകിയിട്ടുണ്ട്.<br><br>**12. ബ്രാന്റിംഗ് ആൻഡ് മാർക്കറ്റിംഗ്**<br><br>മത്സ്യത്തൊഴിലാളി വനിതകൾ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും വിപണിയിലെ ശക്തമായ മത്സരം നേരിടുന്നതിനും ഉൽപ്പന്നങ്ങളുടെ ഡിമാന്റ്, വിൽപ്പന എന്നിവ വർദ്ധിപ്പിക്കുന്നതിനും ആകർഷകമായ പാക്കിംഗിലും ലേബലിംഗിലും യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് Branding & Marketing സംവിധാനം ഒരുക്കുന്നു. ഓൺലൈൻ മാർക്കറ്റിങ്ങിലേക്ക് യൂണിറ്റുകളെ കൊണ്ടുവരുന്നതിനും ഇടപെടലുകൾ നടത്തിവരുന്നു.<br>പദ്ധതികളുടെ ഭൗതിക സാമ്പത്തിക നേട്ടങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ വഴി മത്സ്യത്തൊഴിലാളി വനിതകൾക്ക് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) | പലിശ രഹിത വായ്പ നടപ്പിലാക്കിയതിലൂടെ വനിതകളുടെ മൈക്രോ ഫിനാൻസ് തുടങ്ങിയ പദ്ധതികൾ മത്സ്യത്തൊഴിലാളി വനിതകളുടെ സാമ്പത്തിക ഭദ്രതയും, ജീവിത നിലവാരവും മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.<br><br>മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കിയത് വഴി മത്സ്യത്തൊഴിലാളി വനിതകളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സ്ഥിരംതൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മത്സ്യമേഖലയിലെ പതിനായിരത്തോളം |

| | | | |
|---|---|---|---|
| | | | കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികളിലൂടെ സാമൂഹികപരമായും, സാമ്പത്തികമായും രാഷ്ട്രീയപരമായും വിദ്യാഭ്യാസപരമായും വളർച്ച കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ചെറുകിട തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടത് വഴി അവരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും പുതിയ ടെക്നോളജികൾ ഉപയോഗിക്കുന്നതിനും അറിവ് നേടിയിട്ടുണ്ട്. കൂടുതൽ മത്സ്യത്തൊഴിലാളി വനിതകളെ ഇത്തരം സംരംഭങ്ങളിലേക്ക് കൊണ്ടു വരുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>നൈപുണ്യ പരിശീലനങ്ങൾ നൽകിയത് വഴി തൊഴിൽ നൈപുണ്യവും സാങ്കേതിക നൈപുണ്യവും നേടിയെടുക്കാൻ സാഫിലെ ഗുണഭോക്താക്കളായ മത്സ്യത്തൊഴിലാളി വനിതകൾക്ക് സാധിച്ചിട്ടുണ്ട്. 2025-26 വർഷത്തിൽ (2025 ഏപ്രിൽ മുതൽ ഡിസംബർ വരെ) 117.63 കോടി രൂപയുടെ വിറ്റുവരവ് ലഭിച്ചിട്ടുണ്ട്. യൂണിറ്റുകൾക്ക് ഈ കാലയളവിൽ 668944 തൊഴിൽ ദിനങ്ങളിലായി 31.41 കോടി രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ വിവരങ്ങൾ ലഭ്യമാക്കാമോ; | (സി) | ഇതു സംബന്ധിച്ച് മത്സ്യഫെഡ് പഠനങ്ങളൊന്നും തന്നെ നടത്തിയിട്ടില്ല. എന്നാൽ ധനകാര്യ സ്ഥാപനങ്ങളായ എൻ.എം.ഡി.എഫ്.സി/ എൻ.ബി.സി. എഫ്. ഡി.സി വർഷംതോറും ഫീൽഡ് വിസിറ്റ് നടത്തി പ്രവർത്തനം വിലയിരുത്തിയാണ് മത്സ്യഫെഡിന് ധനസഹായം ലഭ്യമാക്കുന്നത്.<br><br>സാഫ് മുഖേന പഠനങ്ങൾ നടത്തിയിട്ടുണ്ട്. സാഫ് വഴി ആരംഭിച്ചിട്ടുള്ള സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി 2014 ൽ Gulati Institute of Finance & Taxation എന്ന സ്ഥാപനം മുഖേനയും 2016, 2019 വർഷങ്ങളിൽ Central Marine Fisheries Research Institute (CMFRI) മുഖേനയും Benefit Monitoring & Evaluation study നടത്തിയിട്ടുള്ളതാണ്. ഈ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ മത്സ്യത്തൊഴിലാളി വനിതകൾ ഇത്തരത്തിലുള്ള വളർച്ച നേടിയിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഇതു കൂടാതെ സാമൂഹികപരിജ്ഞാനവും നിയമ പരിജ്ഞാനവും നേടുന്നതിനും രാഷ്ട്രീയപരമായ അറിവ് നേടുടന്നതിനുമുള്ള വളർച്ച നേടിയിട്ടുള്ളതായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ സംരംഭങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | ഉണ്ട്. മത്സ്യഫെഡ് സ്വയം സഹായ ഗ്രൂപ്പുകൾ നടത്തുന്ന ചെറുകിട തൊഴിൽ സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ മത്സ്യഫെഡിലെ ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർമാർ മാസംതോറും വിലയിരുത്താറുണ്ട്. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് തുടർ വായ്പകൾ അനുവദിക്കുന്നത്.<br><br>സാഫ് മുഖേന തീരദേശ മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലും വരുമാനവും ലക്ഷ്യമിട്ട് ആരംഭിച്ച 3544 ചെറുകിട സംരംഭക യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ 1862 യൂണിറ്റുകൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. 2025 - 26 വർഷത്തിൽ (2025 ഏപ്രിൽ മുതൽ ഡിസംബർ വരെ) 117.63 കോടി രൂപയുടെ വിറ്റുവരവ് ലഭിച്ചിട്ടുണ്ട്. യൂണിറ്റുകൾക്ക് ഈ കാലയളവിൽ 668944 തൊഴിൽദിനങ്ങളിലായി 31.41 കോടി രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. ഈ യൂണിറ്റുകളിൽ പ്രതിമാസം ഒരു അംഗത്തിന് 15000 രൂപയുടെ മുകളിൽ വരുമാനം ലഭിക്കുന്ന 516 യൂണിറ്റുകളും 10000 രൂപ മുതൽ 15000 രൂപ വരെ വരുമാനം ലഭിക്കുന്ന 473 യൂണിറ്റുകളും 7500 രൂപ മുതൽ 10000 രൂപ വരെ വരുമാനം ലഭിക്കുന്ന 317 യൂണിറ്റുകളും 7500 രൂപ വരെ വരുമാനം ലഭിക്കുന്ന 220 യൂണിറ്റുകളും 7500 രൂപയിൽ താഴെ വരുമാനം ലഭിക്കുന്ന 336 യൂണിറ്റുകളും പ്രവർത്തിക്കുന്നതായി വിലയിരുത്തിയിട്ടുണ്ട്.<br><br>ഈ സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന സഹായങ്ങൾ അനുവദിച്ചു വരുന്നു.<br><br>ചെറുകിട തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഗ്രൂപ്പുകൾക്ക് പ്രവർത്തന മൂലധനമായി 25000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയും സാഫിന്റെ കീഴിൽ പ്രവർത്തിക്കുന്ന സൂപ്പർമാർക്കറ്റുകൾ, കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകൾ, സീ ഫുഡ് റസ്റ്റോറന്റുകൾ എന്നിവയ്ക്ക് 1.50 ലക്ഷം രൂപ വരെയും പരമാവധി വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് പലിശയില്ലാതെ അനുവദിക്കുന്നു. യൂണിറ്റുകൾ റിവോൾവിംഗ് ഫണ്ട് കൃത്യമായി തിരിച്ചടച്ചതിലൂടെ ടി തുക 19.67 കോടി രൂപ തുടർഘട്ടങ്ങളിലായി cumulate ആയി റിവോൾവ് ചെയ്ത് വരുന്നു.<br><br>• തൊഴിൽ സംരംഭങ്ങളുടെ സാങ്കേതികവിദ്യാ നവീകരണത്തിനും നൂതന ഉപകരണങ്ങൾ |

വാങ്ങുന്നതിനും ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനും ആയി 50000 രൂപ വരെ ധനസഹായം അനുവദിക്കുന്നു.

- സാഫിന്റെ കീഴിൽ ആരംഭിച്ചിരിക്കുന്ന യൂണിറ്റുകൾക്ക് വിവിധതരത്തിലുള്ള സാങ്കേതിക പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. യൂണിറ്റുകൾ ആരംഭിക്കുന്നതിന് അച്ചീവ്മെൻറ് മോട്ടിവേഷൻ ട്രെയിനിംഗ്, മാനേജ്മെൻറ് & ട്രെയിനിംഗ് , ബുക്ക് കീപ്പിംഗ് & അക്കൗണ്ടിംഗ് ട്രെയിനിംഗ് തുടങ്ങിയവയും സംരംഭം നല്ലരീതിയിൽ മുന്നോട്ട് കൊണ്ടു പോകുന്നതിനാവശ്യമായ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് വിവിധതരത്തിലുള്ള സ്കിൽ ട്രെയ്നിംഗുകളും നൽകിയിട്ടുണ്ട്. ഇതിൽ Digital media, marketing & advertising media ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ മത്സ്യത്തൊഴിലാളി കുടുംബത്തിലെ കുട്ടികൾക്ക് മാത്രമായി ആവശ്യമായ തൊഴിൽ നൈപുണ്യ പരിശീലനങ്ങളും നൽകുന്നു.
- തീരദേശ ജനതയുടെ ഉപജീവന മാർഗ്ഗത്തിന്റെയും മാനസിക ആരോഗ്യത്തിന്റെയും അടിസ്ഥാനത്തിൽ Community Wellness — Clinic നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പ്രാരംഭഘട്ടത്തിൽ നടപ്പിലാക്കിയത്. തുടർന്നും മറ്റ് ജില്ലകളിലും ടി പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൗൺസിലിംഗ് സെഷനുകളിലൂടെയും പ്രത്യേക ക്ലിനിക്കുകൾ വഴി ആവശ്യമായ മരുന്നും തുടർ ചികിൽസകളും നൽകിയിട്ടുണ്ട്.
- മത്സ്യത്തൊഴിലാളി വനിതകൾ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും വിപണിയിലെ ശക്തമായ മത്സരം നേരിടുന്നതിനും ഉൽപ്പന്നങ്ങളുടെ ഡിമാൻറ്, വിൽപ്പന എന്നിവ വർദ്ധിപ്പിക്കുന്നതിനും ആകർഷകമായ പാക്കിംഗിലും ലേബലിംഗിലും യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് Branding & Marketing സംവിധാനം ഒരുക്കുന്നു. ഓൺലൈൻ മാർക്കറ്റിങ്ങിലേക്ക് യൂണിറ്റുകളെ കൊണ്ടുവരുന്നതിനും ഇടപെടലുകൾ നടത്തിവരുന്നു.
- ചെറുകിട തൊഴിൽ സംരംഭങ്ങളുടെ നിലനിൽപ്പും സുസ്ഥിര വികസനവും മുൻനിർത്തി പ്രവർത്തനം മെച്ചപ്പെടുത്തേണ്ട

| | | | |
|---|---|---|---|
| | | | യൂണിറ്റുകൾക്ക് വേണ്ടി ഓരോ ജില്ലയിലും പ്രോജക്ട് ക്ലിനിക്കുകൾ നടത്തുന്നു. ഓരോ യൂണിറ്റിന്റെയും പ്രശ്നങ്ങൾ സൂക്ഷ്മമായി പരിശോധിക്കുകയും ആവശ്യമായ നിർദേശങ്ങൾ പ്രോജക്ട് ക്ലിനിക്കിൽ നൽകുകയും ചെയ്തു വരുന്നു സാങ്കേതിക പിന്തുണ, ലൊക്കേഷൻ മാറ്റം, ഗ്രൂപ്പ് അംഗത്തിലെ മാറ്റം, ക്രെഡിറ്റ് സപ്പോർട്ട്, മാർക്കറ്റിംഗ് സഹായം, പരിശീലനങ്ങൾ തുടങ്ങിയവ ഓരോ യൂണിറ്റിന്റെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നൽകുന്നു.<br>• സാഫിലെ ഗുണഭോക്താക്കളിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് National Minority Development & Finance Corporation (NMDFC) യുടെ കുറഞ്ഞ പലിശ നിരക്കിൽ എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന 5 യൂണിറ്റുകളിൽ നിന്നുള്ള 11 ഗുണഭോക്താക്കൾക്ക് 8.25 ലക്ഷം രൂപയുടെ വായ്പ KSWDC മുഖേന അനുവദിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഗുണഭോക്താക്കൾക്ക് ലോൺ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>യൂണിറ്റുകൾ നിലച്ചുപോകുവാനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ട്. യൂണിറ്റംഗങ്ങളുടെ പ്രായാധിക്യം, അവർക്കുണ്ടാകുന്ന അസുഖങ്ങൾ, യൂണിറ്റംഗങ്ങളുടെ മരണപ്പെടൽ എന്നവയും വരുമാന കുറവ് മൂലം സംരംഭങ്ങൾ മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കാതെ വരുന്നത് മൂലം ബിസിനസ്സ് നഷ്ടത്തിൽ ആവുകയും യൂണിറ്റംഗങ്ങൾ തമ്മിലുള്ള ഐക്യമില്ലായ്മയും ആണെന്ന് വിലയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ പ്രകൃതി ദുരന്തങ്ങളായ ഓഖി, പ്രളയം എന്നിവ നിരവധി തൊഴിൽ സംരംഭങ്ങളെ പൂർണ്ണമായി നഷ്ടത്തിലാക്കുകയും കോവിഡ് മഹാമാരി മൂലം യൂണിറ്റുകൾക്ക് തുടർ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കാതെ വരികയും ചെയ്തിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

മത്സ്യത്തൊഴിലാളി വനിതകളുടെ ശാക്തീകരണത്തിനായി സാഫ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ ഭൗതിക സാമ്പത്തിക നേട്ടങ്ങൾ

| നം. | 2010 മുതൽ നടപ്പിലാക്കിയ പദ്ധതികൾ | ഗ്രൂപ്പുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | പദ്ധതിയ്ക്കായി ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ചെറുകിട തൊഴിൽ സംരംഭങ്ങൾ | 2261 | 6480 | 4104.98 |
| 2 | വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് | 1995 | 5618 | 463 |
| 3 | ടെക്നോളജി ഇമ്പ്രൂമെന്റ് | 1035 | 3246 | 313.27 |
| 4 | ഗ്രാജ്വേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ്സ് ഗ്രൂപ്പ്സ് (പലിശ സബ്സിഡി) | 1133 | 3284 | 54.70 |
| 5 | കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം | ... | 32040 | 293.73 |
| 6 | ബ്രാൻറിംഗ് & മാർക്കറ്റിങ്ങ് | | 6291 | 161.83 |
| 7 | ജെഎൽജി പലിശരഹിത വായ്പ | 1110 | 5550 | 555 |
| 8 | സീ ഫുഡ് റസ്റ്റോറൻറ് | 45 | 225 | 225 |
| 9 | തീരമാവേലി | 15 | 53 | 115.83 |
| 10 | ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷെൻറിംഗ് കിയോസ്ക് | 40 | 83 | 15.41 |
| | ആകെ | 7634 | **62870** | **6302.75** |